പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2427 18/07/2011-ലെ മറുപടിക്ക്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും ഗാർഹിക തൊഴിലാളികളും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഗാർഹിക തൊഴിലാളികളെക്കൂടി അംഗങ്ങളാക്കാൻ കേന്ദ്ര സർക്കാർ ഇതിനകം തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്; | (ബി) 50 വയസ്സിന് മുകളിൽ പ്രായമുള്ള ഗാർഹിക തൊഴിലാളികളെ വരുമാന പരിധിയും ക്ഷേമനിധി അംഗത്വവും നിർബന്ധമാക്കാതെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാക്കുന്നതിന് അക്ഷയ കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യാൻ ഉത്തരവായിട്ടുണ്ട്. |
| (സി) പദ്ധതിയിൽ അംഗങ്ങളാകാൻ ഗാർഹിക തൊഴിലാളികൾ എന്തൊക്കെ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതുണ്ട്; | (സി) തൊഴിലുടമയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്. |

---

(ഡി) അംഗങ്ങളാകുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭ്യമാകും;

(ഇ) നിലവിൽ സ്മാർട്ട് കാർഡ് ഉള്ളവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുക; ഗാർഹിക തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ ?

(ഡി & ഇ) ഒരു കുടുംബത്തിലെ 5 അംഗങ്ങൾക്ക്, 30,000 രൂപയുടെ ചികിത്സ തെരഞ്ഞെടുത്തിട്ടുള്ള സർക്കാർ, സ്വകാര്യ, സഹകരണ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ കിടന്നുള്ള ചികിത്സക്കാണ് ഇപ്രകാരം സൗജന്യം ലഭിക്കുന്നത്. മരുന്നുകളും, ടെസ്റ്റുകളും സൗജന്യമായി ലഭിക്കും. ഇതിനുപുറമേ 2010-11 വർഷം മുതൽ ചിസ് പ്ലസ് പദ്ധതിയിൻകീഴിൽ വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ അസുഖങ്ങൾക്ക് 70,000 രൂപയുടെ അധിക ചികിത്സാ സഹായം തിരഞ്ഞെടുക്കപ്പെട്ട സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ മുഖേന നൽകുന്നുണ്ട്. കുടുംബനാഥനും ഭാര്യക്കും കൂടാതെ ആശ്രിതരായ മൂന്നുപേർക്കുമാണ് ചികിത്സാ പരിരക്ഷയുള്ളത്. ആർ.എസ്.ബി.വൈ. കുടുംബത്തിലെ നാഥൻ/നാഥ അവരുടെ ഭർത്താവ്/ഭാര്യ എന്നിവർക്ക് അപകടമരണം സംഭവിച്ചാൽ 2 ലക്ഷം രൂപ വരെ നഷ്ടപരിഹാരം ലഭിക്കും. ഗുരുതരമായ തീപ്പൊള്ളലേറ്റാലും (60% നു മുകളിൽ) 50,000 രൂപവരെ നഷ്ടപരിഹാരം ലഭിക്കും. കാർഡ് കൈവശമുള്ള ഗാർഹിക തൊഴിലാളികൾക്കും ഈ ആനുകൂല്യം ലഭിക്കും.

സെക്ഷൻ ഓഫീസർ